**പതിനാലാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.805 30.11.2018 -ലെ മറുപടിക്ക്**

**<u>അംബേദ്കർ ഗ്രാമവികസന പദ്ധതി</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എ. എൻ. ഷംസീർ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ അർഹതപ്പെട്ടവരിൽ തന്നെയാണ് എത്തുന്നത് എന്ന് ഉറപ്പ് വരുത്തുന്നതിന് എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (എ) | പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന വ്യക്തിഗത പദ്ധതികൾക്ക് ഗ്രാമസഭകളുടെയും ഭവന നിർമ്മാണത്തിന് ലൈഫ് മിഷൻ ഗുണഭോക്തൃ ലിസ്റ്റുമാണ് പട്ടികജാതി വികസന വകുപ്പ് ഉപയോഗിക്കുന്നത്. ഫീൽഡ് തല അന്വേഷണം നടത്തി അർഹത പരിശോധിച്ച് ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിലാണ് ആനുകൂല്യം അനുവദിക്കുന്നത്. പട്ടികജാതി കോളനികൾ, സങ്കേതങ്ങൾ എന്നിവിടങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾ 51% പട്ടികജാതിക്കാർ ഉണ്ടെന്നു ഉറപ്പാക്കുന്ന ഫീസിബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് നടത്തിവരുന്നത്.<br>പട്ടികവർഗ്ഗ വികസന പരിപാടികൾ ഊരുകൂട്ടങ്ങൾ നൽകുന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് നടപ്പാക്കുന്നത്. 25 ലക്ഷത്തിൽ താഴെയുള്ള പദ്ധതികൾക്ക് ജില്ലാതല വർക്കിംഗ് ഗ്രൂപ്പും, 25 ലക്ഷത്തിൽ കൂടുതലുള്ള പദ്ധതികൾക്ക് സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പും അംഗീകാരം നൽകുന്നു. പട്ടികവർഗ്ഗക്കാർക്കുള്ള നിലവിലെ സാമ്പത്തികാനുകൂല്യങ്ങളെല്ലാം ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് മുഖേനയാണ് വിതരണം ചെയ്യുന്നത്.<br>വകുപ്പ് ഡയറക്ടർ ചെയർമാനായി രൂപീകരിച്ചിട്ടുള്ള സംസ്ഥാനതല കമ്മിറ്റിയും, ജില്ലാകളക്ടർമാരുടെ അദ്ധ്യക്ഷതയിലുള്ള ജില്ലാ വികസന സമിതിയോഗവും, ജില്ലാതല മോണിറ്ററിങ്ങ് കമ്മിറ്റിയും ഫീൽഡ് ഓഫീസർമാരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള വകുപ്പുതലത്തിലുള്ള അവലോകന യോഗങ്ങളും, |

| | | | |
|---|---|---|---|
| | | | വീഡിയോ കോൺഫറൻസുകളും പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഉന്നമനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ സസൂക്ഷമം വിലയിരുത്തുന്നുണ്ട്. |
| (ബി) | സർക്കാർ പദ്ധതികൾ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാർക്ക് തന്നെ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ അവർക്കിടയിൽ എന്തെല്ലാം തരത്തിലുള്ള ബോധവത്ക്കരണമാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ? | (ബി) | പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളെ സംബന്ധിച്ച് എസ്.സി. പ്രൊമോട്ടർമാർ മുഖേന ഫീൽഡ്തല സന്ദർശനത്തിലൂടെയും ക്ലാസുകളിലൂടെയും ബോധവത്കരണം നടത്തുന്നു. പട്ടികജാതി വികസന വകുപ്പ് എല്ലാ വർഷവും ഒക്ടോബർ മാസത്തിൽ നടത്തുന്ന ഐക്യദാർഢ്യ പക്ഷാചരണ കാലയളവിൽ ബോധവൽക്കരണ സെമിനാറുകളും ക്ലാസുകളും നടത്തുന്നു. കൂടാതെ വകുപ്പിന്റെ സ്കീമുകളെ സംബന്ധിച്ച് വർത്തമാന പത്രങ്ങളിൽ അറിയിപ്പുകളും വാർത്തകളും പരസ്യങ്ങളും നൽകുകയും ബുക്ക് ലെറ്റുകൾ, വികസന ഗൈഡ് എന്നിവ പ്രസിദ്ധീകരിച്ച് പട്ടികജാതി സംഘടനകൾ വ്യക്തികൾ മുഖേനയുള്ള സർക്കുലേഷനിലൂടെ പട്ടികജാതി ജനവിഭാഗങ്ങളിൽ ബോധവൽക്കരണവും സാധ്യമാക്കുന്നു.<br>**<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>**-പട്ടിക വർഗ്ഗ വിഭാഗക്കാർക്കായുള്ള പദ്ധതികളെല്ലാം ഊരുകൂട്ടം ചർച്ച ചെയ്ത് തീരുമാനിച്ചാണ് നടപ്പിലാക്കുന്നത്. പദ്ധതികളെക്കുറിച്ചുള്ള അവബോധം പട്ടികവർഗ്ഗ പ്രൊമോട്ടർമാർ മുഖേന നൽകി വരുന്നു. പദ്ധതി വിശദാംശങ്ങളെല്ലാം വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ളതും പദ്ധതികളെ/ആനുകൂല്യങ്ങളെ സംബന്ധിച്ച് സംശയ നിവാരണത്തിനായി 24 മണിക്കൂർ പ്രവർത്തിക്കുന്ന ടോൾഫ്രീ സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ക്ഷേമപ്രവർത്തനങ്ങളെ സംബന്ധിച്ച് ദൃശ്യമാദ്ധ്യമങ്ങൾ മുഖേനയുള്ള പ്രചരണത്തിനായി വകുപ്പിൽ പബ്ലിസിറ്റി വിഭാഗവും പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ